(സി) സമഗ്ര പച്ചക്കറി കൃഷി വികസന പ്രകാരം നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും മട്ടുപ്പാവു കൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി 2012-13 മുതൽ നടപ്പിലാക്കി വരുന്നു. വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 2,000 രൂപ വിലവരുന്ന 25 ഗ്രോബാഗുകൾ വീതം 500 രൂപ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവ വാങ്ങാനും സഹായം നൽകുന്നുണ്ട്. നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 18000 -ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിതരണം ചെയ്യുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും തൈകളും മട്ടുപ്പാവ് കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി സംഭരണം

10 (*280) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. ചന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടി കോർപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽനിന്നും പച്ചക്കറി ശേഖരിക്കാറുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഏതെല്ലാം ഇനം പച്ചക്കറികളാണ് സംസ്ഥാനങ്ങളിൽ നിന്നും ശേഖരിക്കാറുള്ളതെന്ന് അറിയിക്കാമോ ;

(സി) ഹോർട്ടികോർപ്പ് സംസ്ഥാനത്തിനുള്ളിൽനിന്നും പച്ചക്കറി സംഭരിക്കുമ്പോഴും സംസ്ഥാനത്തെ പച്ചക്കറി കർഷകർ അവരവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനാലും സംഭരണ പാളിച്ചകൾ കാരണവും പച്ചക്കറികൾ കുഴിച്ചുമൂടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽനിന്നും പച്ചക്കറി ശേഖരിക്കാറുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., സംഘമൈത്രി, കാർഷിക മൊത്തെ വ്യാപാരവിപണികൾ, വട്ടവട, കാന്തല്ലൂർ കർഷക സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നു.

(ബി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങളായ വെള്ളരി, വെണ്ട, ചീര, പയർ, പാവയ്ക്ക, തടിയൻ, വഴുതന, കുമ്പളം, കോവയ്ക്ക, മത്തൻ, വാഴക്കുമ്പ്, ഇഞ്ചി, പടവലം, ചുരയ്ക്ക, തക്കാളി കിഴങ്ങുവർഗ്ഗങ്ങളായ ചേന, കാച്ചിൽ, ചേമ്പ്, മരച്ചീനി മുതലായവയും വിവിധ ഇനം വാഴക്കുലകളായ ഏത്തൻ, രസകദളി, കപ്പ, റോബസ്റ്റ തുടങ്ങിയവയും വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിൽ നിന്നും ക്യാരറ്റ്, ക്യാബേജ്, ബീൻസ്, ഉരുളക്കിഴങ്ങ് എന്നിവയും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കർഷകർക്ക് ന്യായവില നൽകിയാണ് ഹോർട്ടികോർപ്പ് സംഭരിക്കുന്നത്.

മാലിന്യ സംസ്കരണ പ്ലാന്റുകൾ

11 (*281) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യസംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ തദ്ദേശ വാസികളുടെ എതിർപ്പുമൂലം ഉപേക്ഷിക്കേണ്ടിവന്ന പദ്ധതികളെക്കുറിച്ചുള്ള വിവര ശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എതിർപ്പിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ ; അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്ന കാര്യത്തിൽ ഉചിതമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?